പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1293 — 6/2/2020-ൽ മറുപടിക്ക്

## പാലക്കാട് ജില്ലയിലെ തയ്യൽ ടീച്ചർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി | |
| (എ) | പാലക്കാട് ജില്ലയിലെ യു.പി. സ്കൂൾ തയ്യൽ ടീച്ചർ റാങ്ക് ലിസ്റ്റ് എപ്പോഴാണ് നിലവിൽ വന്നതെന്നും എത്ര പേർക്ക് ഇതുവരെ നിയമനം നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | യു.പി. വിഭാഗം തയ്യൽ ടീച്ചർ തസ്തികയിലെ റാങ്ക് ലിസ്റ്റ് 21/03/2017 ൽ നിലവിൽ വന്നു. ഈ റാങ്ക് ലിസ്റ്റിൽ നിന്നും ഒരാൾക്ക് മാത്രമേ നിയമനം നല്കിയിട്ടുള്ളു. കൂടാതെ 1 ഒഴിവ് കൂടി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും പി.എസ്.സിയിൽ നിന്നും നിയമന ശുപാർശ ഇതുവരെ ലഭിച്ചിട്ടില്ല. |
| (ബി) | യു.പി. സ്കൂളിലെയും, ഹൈസ്കൂളിലെയും തയ്യൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ യോഗ്യതയും ശമ്പള സ്കെയിലും ഒന്നായ സാഹചര്യത്തിൽ ഈ രണ്ട് തസ്തികയും ഏകീകരിച്ച് നിലവിലുള്ള യു.പി. സ്കൂൾ തയ്യൽ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിയാൽ കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുമെന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | യു.പി.വിഭാഗം തയ്യൽ അദ്ധ്യാപക തസ്തികയ്ക്കും ഹൈസ്കൂൾ വിഭാഗം തയ്യൽ അദ്ധ്യാപക തസ്തികയ്ക്കും രണ്ട് വ്യത്യസ്ത റാങ്ക് ലിസ്റ്റാണ് നിലവിൽ ഉള്ളത്. ഈ രണ്ട് തസ്തികയും ഏകീകരിച്ച് നിലവിലുള്ള യു.പി. സ്കൂൾ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിഗണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ